


# എസ്.വി.ജി.വി.പി എച്ച്.എസ് കിളിരൂർ

# പാദമുദ്ര2k24

# ഉള്ളടക്കം


ആശംസ – ഹെഡ്മിസ്ട്രസ് സിന്ധുമോൾ കെ

ലേഖനം – അഖിൽ പി.എ (8A)

കവിത – അനന്ദു റെജി (മലയാളം അദ്ധ്യാപകൻ)

കവിത – ബിന്ദു ടി.എ (മലയാളം അദ്ധ്യാപിക)

ലേഖനം – അരവിന്ദ് രജി (9B)

ശാസ്ത്രലേഖനം – ശ്രീജ ചന്ദ്രൻ (ശാസ്ത്ര അദ്ധ്യാപിക)

ലേഖനം – അഹല്യ ആർ (8A)

കവിത – സിനി ബൈജു (മലയാളം അദ്ധ്യാപിക)

കവിത – സ്വലിഹ റഫീക്ക് (8A)

കവിത – അഖിൽ പി.എ (8A)

കവിത – ശ്രീനന്ദന ആർ (9A)

പ്രിയപ്പെട്ടവരെ

എസ് വി ജി വി പി എച്ച് എസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻ്റെയും അഭിമുഖ്യത്തിലും തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു ഞാങ്ങളുടെ കുഞ്ഞുങ്ങളുടെ കഥകൾ, ലേഖനങ്ങൾ, കവിതകൾ, ശാസ്ത്രലേഖനങ്ങൾ, ഇവയെല്ലാമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്കൂൾ SITCഹേമമാലിനി ടീച്ചർ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ദേവി പ്രസാദ് സാർ,ലിറ്റിൽ കൈറ്റ്സ് mistress മിനി ടീച്ചർ മറ്റ് അധ്യാപകർ എന്നിവരേയും ഇതിനുള്ള രചനകൾ തന്ന പ്രതിഭകളെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. പ്രധാനമായി പ്രവർത്തിച്ച മാസ്റ്റർ അരവിന്ദ് രജിക്ക് പ്രത്യേക അഭിനന്ദനങ്ങൾ

ആശംസകളോട്
സ്നേഹപൂർവം
സിന്ധുമോൾ കെ
പ്രധാനാധ്യാപിക
S.V.G.V.P.H.S കിളിരൂർ

# ജീവന്റെ ഉറവിടം

പ്രകൃതി ഒരു മഹാപ്രതിഭാസമാണ് അതിൽ ജീവിക്കുന്ന ഓരോ ജീവജാലങ്ങളും വൃക്ഷങ്ങളും കൂടി നമുക്കു ഒരു മനോഹരമായ കാഴ്ചയാണ്. പ്രകൃതി നമുക്ക് മഴയും കാറ്റും വെളിച്ചവും പകർന്നു തരുന്നു.ഓരോ ദിവസവും നമുക്ക് ജീവിക്കാനുള്ള വായു ജലം മറ്റും പ്രകൃതിയിൽ നിന്ന് നമുക്ക് ലാഭിക്കുന്നത്.ഇപ്പോൾ നമ്മുടെ പ്രകൃതിയുടെ ജലസമ്പത്ത് നിലനിറുത്തുവാൻ ധാരളം ഇലകൾ ഉള്ള മരങ്ങൾ ,മുളകൾ നട്ടുപിടിപ്പിക്കണം.  കിണറുകളിലെ ജലം മോശമാകാത്തിരിക്കാൻ തൊട്ടുകളിൽ മാലിന്യം വലിച്ചെറിയാതിരിക്കണം.തൊട്ടുകളും ആറുകളും നമുക്ക് വേണ്ടി മാത്രം ഉള്ളതല്ല. അതിൽ ധാരളം സൂക്ഷ്മജീവികളും മീനുകളും ഉണ്ട്. അത് കൊണ്ട് പ്രകൃതിയെകുറിച്ച് ബോധവൻ നല്ല സംസ്കാരം ഓരോ തലമുറയിലും വാർത്തെടുക്കണം . അത് കൊണ്ട് നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം നമുക്ക് ഒരുമിച്ച കൈകോർക്കാം......

അഖിൽ പി.എ
(8A)

# ശങ്കരരൂപി



ചിലരെയൊക്കെയും ചിന്തിച്ചു ചിന്തിച്ചു
ചിതലായി പോകുമെൻ മനസം
പറയാൻ കഴിയാത്ത മനസ്സും മൗനവും
അറിയാതെ തൊട്ടകന്നുപോയിടുന്നു.
പണ്ടു ശീവേലിക്കു വൈശ്യം തുവുമ്പോൾ
അറിയാതെ എൻ നേർക്കു നോക്കിയില്ലെ
അന്നുതൊട്ടിന്നോളം പിരിയുവാനാകാത്ത
പ്രണയമായ് എന്നിൽ നീ പെയ്തതല്ലെ
ചന്ദനഗന്ധം പകരുന്ന സന്ധ്യയും
കുങ്കുമഗന്ധം പൊഴിയുന്ന രജനിയും
നിൻറെ മധുരമാം ഏകാന്ത സ്പർശനം
എനിക്കായി മാത്രം പടർത്തുമോ ശങ്കര....

അനന്ദു റെജി
മലയാളം അദ്ധ്യാപകൻ

# യാത്രാമൊഴി

പടിയിറങ്ങുന്നു ഞാൻ
പടിയിറങ്ങുന്നു ഞാൻ
അക്ഷരമുറ്റത്തിൻ
പടിയിറങ്ങുന്നു ഞാൻ
മുപ്പതു സംവത്സരം നീണ്ടൊ –
രധ്യാപനത്തിന്റെ യാത്ര തൻ
അന്ത്യമായ് ആരോടുയാത്ര പറയേണ്ടു
ഞാൻ!!
എന്റെ പൊന്മക്കളാം ശിഷ്യരോടോ...
പ്രിയ സോദരതുല്യരാം
സഹയാത്രികരോടോ....
ഓർമ്മതൻ പുസ്തകത്താളിൽ
സൂക്ഷിക്കുവാൻ നിങ്ങൾ സമ്മാനിച്ച
മയിൽപ്പീലിത്തുണ്ടിനോ....
സുന്ദരവിദ്യാലയമേ.. നിന്നോടോ..
എന്നെ ഞാനാക്കിയ
കിളിത്രുരുതളിതൻ നാടിനോടോ...
ദേശത്തെകാക്കുന്ന ദേവിക്കും
പിന്നെയീ ഗേഹത്തെ കാക്കുന്ന
സ്വാമിജിക്കും
തിരുവർപ്പിലമരുന്ന ദേവനും
പിന്നെയെൻ പ്രിയരേ
നിങ്ങൾക്കുമായ് നന്ദിയോതി
പടിയിറങ്ങട്ടെ ഞാൻ
പടിയിറങ്ങട്ടെ ഞാൻ
തെല്ലിളവേൽക്കാനായി ഞാൻ
പോയ് വരട്ടേ......

ബിന്ദു ടി.എ
മലയാളം
അദ്ധ്യാപിക

# ആധുനിക സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ ചെലുത്തുന്ന സ്വാധീനം.

അറിവിന്റെ ഉപയോഗത്തെയാണ് നാം പൊതുവേ സാങ്കേതികവിദ്യ എന്ന് പറയുന്നത്.സാങ്കേതികവിദ്യ നമ്മുടെ ജീവിത രീതിയെ മാറ്റിമറിച്ചു. ഇത് ജീവിതത്തിൻറെ വിവിധ വശങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നു.
സാങ്കേതികവിദ്യ വിദ്യാഭ്യാസരംഗത്ത് വിപ്ലവം സൃഷ്ടിച്ചു. വിദ്യാഭ്യാസത്തിൽ കമ്പ്യൂട്ടറുകൾ ആവർത്തിച്ചതോടെ അധ്യാപകർക്ക് അറിവ് പകർന്ന് കൊടുക്കുന്നതിനും വിദ്യാർത്ഥികൾക്ക് അത് നേടുന്നതിനും എളുപ്പമായി തീർന്നു. സാങ്കേതികവിദ്യയുടെ ഉപയോഗം പഠിപ്പിക്കുന്നതിനും പഠിക്കുന്നതിനുള്ള പ്രക്രിയ കൂടുതൽ ആസ്വാദകരമാക്കി . വിവരസാങ്കേതിക വിദ്യയുടെ പ്രധാന ഘടകങ്ങൾ ഉപകരണങ്ങളും സോഫ്റ്റ് വയറുകളും മാധ്യമവും ആണ്. ആധുനിക ഘട്ടത്തിന്റെ പ്രത്യേകത സർവ്വദേശീയ വിവരശൃംഖലയെ രൂപപ്പെടുത്തിയിരിക്കുന്നു എന്നതാണ്. യന്ത്ര ഭാഷയാണ് ബൈനറി .യന്ത്ര ഭാഷയ്ക്ക് മേൽ വിവിധ കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് ഭാഷകൾ രൂപപ്പെട്ടു. ഇത്തരത്തിൽ സാങ്കേതികവിദ്യയുടെ വളർച്ച വരും തലമുറയിലേക്ക് നല്ല രീതിയിൽ കൈമാറ്റം ചെയ്യപ്പെടട്ടെ

അരവിന്ദ് രജി
9B

# ചന്ദ്രയാൻ -3

ചന്ദ്രയാൻ 3 പിന്നിലെസാങ്കേതികവിദ്യ '

വിക്രം എന്ന തദ്ദേശീയ ലാൻഡർ മോഡ്യൂൾ പ്രൊപ്പൽഷ്യൻ മോഡ്യൂൾ പ്രഗ്യാൻ എന്ന റോവർ എന്നിവ ചന്ദ്രയാൻ മൂന്നിൽ അടങ്ങിയിരിക്കുന്നു. AI ഓട്ടോമേഷൻ രസകരം എന്ന് പറയട്ടെ ചന്ദ്രയാൻ മൂന്നിന്റെ ഇറക്കം പൂർണ്ണമായും ഓട്ടോമേറ്റഡ് ആണ് അതിൽ മനുഷ്യൻറെ ഇടപെടൽ ഉൾപ്പെടുന്നില്ല. ഇറക്കത്തിന്റെ ഘട്ടം ആരംഭിച്ചുകഴിഞ്ഞാൽ ലാണ്ടർ സ്വന്തം നിലയിലാണ് . ഇത് എങ്ങനെ ഇറങ്ങും?. എന്നതിനെക്കുറിച്ച് ചന്ദ്രന്റെ ഉപരിതലത്തിൽ അതിൻറെ സ്ഥാനം മാപ്പ് ചെയ്യാൻ ഈ AI ഉപയോഗിക്കും.വിക്രം ലാൻഡർ കുറച്ചു ക്യാമറ സെൻസറുകൾ ഉൾപ്പെടെ നിരവധി സെൻസറുകൾ വിക്രം ലാൻഡർ പായ്ക്ക് ചെയ്യുന്നു. ചന്ദ്രനിലെ ഹൈപ്പർ സെൻസിറ്റീവ് അയണോസ്ഫിയറിന്റെയും അന്തരീക്ഷത്തിന്റെയും റേഡിയോ അനാട്ടമി ചന്ദ്രൻറെ ഉപരിതല തെർമോഫിസിക്കൽ പരീക്ഷണം. ചന്ദ്രഭൂകമ്പ പ്രവർത്തനത്തിനുള്ള ഉപകരണം ലേസർ റിട്രോറെഫ്ലെക്ടർ അറേ എന്നിവ ലാൻഡറിൽ വഹിക്കുന്നു. സാങ്കേതികവിദ്യയുടെയും ഈ പേലോഡുകളുടെയും അടിസ്ഥാനത്തിൽ ലാൻഡർ മൊഡ്യൂൾ നിരവധി പരീക്ഷണങ്ങൾ നടത്താൻ സഹായിക്കും

ശ്രീജ ചന്ദ്രൻ
ശാസ്ത്ര അദ്ധ്യാപിക

# വനനശീകരണം
# വനം മനുഷ്യൻറെ ജീവവായു...

വനം എന്നാത് പ്രകൃതിയുടെ ഒരു വരമാണ് .കിളികളും അരുവികളും കുന്നുകളും മലകളും ഒക്കെ നിറഞ്ഞ പ്രകൃതിയുടെ സമ്പത്ത്, നമ്മുടെ കേരളത്തെ മനോഹരമാക്കുന്നതാണ് ഇവയെല്ലാം.എന്നാൽ നമ്മൾ മനുഷ്യരുടെ അമിതമായ അഹങ്കാരം കാരണം ഇവയുടെ ഉപയോഗം കഴിഞ്ഞ് ഇവയെ നശിപ്പിക്കുന്നു. പക്ഷേ നമ്മൾ ഒരു കാര്യം ഓർക്കാറില്ല ഇവയൊന്നും ഇല്ലാതെ ഭാവിയിൽ നമുക്ക് നിലനിൽപ്പില്ല എന്നുള്ള കാര്യം. മരം വെട്ടുന്നതും വനം നശിപ്പിക്കുന്നതും തെറ്റാണ്. ഈ ഭൃമിയിൽ ജീവിക്കാൻ മനുഷ്യർക്കും ജീവജാലങ്ങൾക്കും മാത്രമല്ല അവകാശം . മരങ്ങൾക്കും വനങ്ങൾക്കും അവകാശമുണ്ട്. അതെ അവ നമ്മുടെ ജീവവായുവാണ്


അഹല്യ ആർ
8A

# നിസ്സഹായ !

പാറിപ്പറക്കുന്ന ഓർമ്മകൾ
നിസ്സഹായ ചില്ലകളിൽ
ഇടം പിടിക്കുമ്പോൾ,
അല്പമെങ്കിലും ആശ്വാസം
കുളിരുമായി പറന്നു നടക്കുന്ന
ഓർമ്മകൾ മാത്രം
അവ സമ്മാനിച്ച നിന്നെ
ഞാൻ സ്മരിക്കുന്നു.

സിനി ബൈജു
മലയാളം അദ്ധ്യാപിക

# മഴവില്ല്..

മഴവില്ലേ... മഴവില്ലേ...
എന്തൊരു ഭംഗി നിന്നെ കാണാൻ
ഏഴ്ഴ നിറമുള്ള മഴവില്ലേ
ഒരു നിറമെനിക്ക് തരുമോ നീ
മാനത്തുള്ളൊരു മഴവില്ലെ
നിന്നെ കാണാൻ എന്തു രസം
മഴ കഴിഞ്ഞാൽ മഴവില്ല്
ആകാശത്തിൽ നിറം പരത്തും
മഴവില്ലേ... മഴവില്ലേ...

സ്വലിഹ റഫീക്ക്
8A

# പ്രകൃതിയുടെ കവിത

മരങ്ങൾ വെട്ടി മുറിക്കരുതെ...

മരങ്ങൾ നാടിൻ സമ്പത്ത് !!
മരങ്ങൾ നട്ടു വളർത്തേണം

മരങ്ങൾ നാടിൻ ഐശ്വര്യം
നദിയെ കുരുതി കൊടുക്കരുതെ....
മണലിനായി കൊല്ലരുതെ

പുഴകളെ ആർക്കും വിൽക്കരുതെ
അവ ദൈവം നൽകിയ വരദാനം
പ്ലാസ്റ്റിക് സഞ്ചികൾ വേണ്ടേ വേണ്ട

കടലാസ് സഞ്ചികൾ അനുയോജ്യം
വെള്ളം ജീവനാധാരം....

അഖിൽ പി.എ
8A

# അമ്മ

എന്റെ സ്വതന്ത്ര്യമാണ് അമ്മ
എന്റെ സ്വപ്നമാണ് അമ്മ
എന്റെ ചിന്തയാണ് അമ്മ
പത്തു മാസം ചുമന്നു പെറ്റ്
നെഞ്ചോട് ചേർത്ത് പാലു തന്ന്
ചിണുങ്ങി കരയുമ്പോൾ ഉമ്മതന്ന്
വികൃതി കാണികുമ്പോൾ കൊട്ടുതന്ന്
മാറോട് ചേർത്ത് ചായുറക്കി
താരാട്ട് പാട്ടുകൾ പാടിത്തന്നു
മിന്നും  മിനുങ്ങാണ് അമ്മ
ചിരിക്കും നിലാവൊളിയാണമ്മ

ശ്രീനന്ദന ആർ
9 A

പദമുദ്ര 2k24 എന്ന ഡിജിറ്റൽ മാഗസിനു വേണ്ടി പ്രവർത്തിക്കുന്നു എല്ലാ സുമനസ്സുകൾക്കും നന്ദി...........

ടീം

ലിറ്റിൽ കൈറ്റ്സ്